# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4442** **01-07-2024 - ൽ മറുപടിയ്ക്ക്**

### ഫുഡ് പാർക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫുഡ് പാർക്കുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഏതെങ്കിലും മണ്ഡലത്തിൽ ഫുഡ് പാർക്ക് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും സൗകര്യമുള്ള 10 ഫുഡ് പ്രോസസിംഗ് പാർക്കുകൾ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കാൻ 100 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിക്കുന്നുവെന്ന് 2022-23-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത മിനിഫുഡ് പാർക്കുകൾക്ക് തത്ത്വത്തിൽ അംഗീകാരം നൽകിക്കൊണ്ടും കിൻഫ്രയെ പദ്ധതി നടത്തിപ്പിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിയോഗിച്ചുകൊണ്ടും പദ്ധതിയ്ക്കായുള്ള പ്രദേശങ്ങൾ കണ്ടെത്തി സർക്കാരിൽ റിപ്പോർട്ട് ചെയ്യുവാൻ കിൻഫ്രയെ ചുമതലപ്പെടുത്തിക്കൊണ്ടും 03-04-2023 ലെ സ.ഉ. (സാധാ) നം. 285/2023/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.<br><br>നടപടി ത്വരിതപ്പെടുത്തുന്നതിനായി ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെയും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 04-07-2023-ന് യോഗം ചേരുകയും പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുൾപ്പെടെയുള്ള ഫണ്ട് കിഫ്ബി-യിൽ നിന്നും ഗ്രാന്റായി അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും പദ്ധതി നടത്തിപ്പിനായുള്ള സ്ഥലം കിൻഫ്ര നേരിട്ടോ അനുബന്ധസ്ഥാപനം മുഖാന്തരമോ വാങ്ങുന്നത് സംബന്ധിച്ചുള്ള നിയമസാധുത കിൻഫ്ര മാനേജിംഗ് ഡയറക്ടർ പരിശോധിച്ച് പ്രപ്പോസൽ സമർപ്പിക്കേണ്ടതാണെന്നും തീരുമാനമെടുത്തിരുന്നു.<br><br>നിലവിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനു കൈവശം ഇടുക്കി വില്ലേജിൽ, ഇടുക്കി താലൂക്കിൽ 161/1 (part) സർവ്വേ നമ്പരായുള്ള 10 ഏക്കർ റവന്യൂ ഭൂമി മിനി ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് കൈമാറുവാൻ ജില്ലാതല സൈറ്റ് |

| | | | |
|---|---|---|---|
| | | | സെലക്ഷൻ സമിതി ശിപാർശ ചെയ്യതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ഉദുമ മണ്ഡലത്തിൽ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഒരു മിനി ഫുഡ് പാർക്ക് വികസിപ്പിക്കുവാൻ കുറഞ്ഞത് 10 ഏക്കറെങ്കിലും ആവശ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ഉദുമ നിയോജക മണ്ഡലത്തിലെ ചട്ടഞ്ചാലിൽ തെക്കിൽ വില്ലേജ് പരിധിയിൽ ഉൾപ്പെട്ട 2 ഏക്കർ ഭൂമി മിനി ഫുഡ് പാർക്കിനായി പരിഗണിച്ചിരുന്നുവെങ്കിലും ഫുഡ് പാർക്ക് ആരംഭിക്കുവാൻ ആവശ്യമായ സ്ഥലപരിമിതി മൂലം തുടർനടപടി സ്വീകരിച്ചില്ല.<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ യൂണിറ്റായ കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സ്ഥിതി ചെയ്യുന്ന ഉദുമ ടെക്സ്റ്റയിൽ മിൽസിന്റെ കൈവശമുള്ള ഭൂമിയിൽ മില്ലിന്റെ ആവശ്യം കഴിഞ്ഞ് ബാക്കിയുള്ള സ്ഥലം മില്ലിന്റെ വികസനപ്രവർത്തനങ്ങൾക്കായി ആവശ്യമുണ്ടെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചില്ല. |
| (സി) | പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം സ്കീമുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്? | (സി) | താഴെപ്പറയുന്ന വ്യവസായങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്:<br><br>• സുഗന്ധവ്യഞ്ജന സംസ്കരണ യൂണിറ്റുകൾ<br>• നാളികേര സംസ്കരണ യൂണിറ്റുകൾ<br>• പഴം-പച്ചക്കറി സംസ്കരണ യൂണിറ്റുകൾ<br>• ലഘു പാനീയ നിർമ്മാണ യൂണിറ്റുകൾ<br>• ഐസ്ക്രീം നിർമ്മാണ യൂണിറ്റുകൾ<br>• കേക്ക്-ബേക്കറി പലഹാര നിർമ്മാണ യൂണിറ്റുകൾ<br>• റെഡി-ടു-ഈറ്റ്, ലഘുഭക്ഷണ നിർമ്മാണ യൂണിറ്റുകൾ<br>• അരി/ഗോതമ്പ് അധിഷ്ഠിത ഭക്ഷണപദാർത്ഥങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ<br>• പാൽ-പാലുൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ<br>• പാക്കിംഗ് മെറ്റീരിയലുകൾ, പെറ്റ് ബോട്ടിലുകൾ, പോളിസ്റ്റൈറീൻ ഉൽപന്നങ്ങൾ എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ<br>• തേൻ സംസ്കരണ യൂണിറ്റുകൾ<br><br>കിൻഫ്ര അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്ന മിനിഫുഡ് പാർക്കിൽ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രമോട്ടർമാർക്ക് വ്യവസായ വകുപ്പിന് കീഴിലുള്ള |

| | | | |
|---|---|---|---|
| | | | 'Entrepreneur Support Scheme" പ്രകാരമുള്ള സാമ്പത്തികസഹായം പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ